# തെങ്ങിൽ കയറാൻ യോഗ പരിശീലനം; ഒപ്പം വ്യക്തിത്വ വികസന ക്ലാസും

**ജോമിച്ചൻ ജോസ്**

മലപ്പുറം ● തെങ്ങുകയറ്റം തൊഴിലാക്കാൻ മനസ്സുണ്ടോ? യന്ത്രമുപയോഗിച്ച് തെങ്ങുകയറാൻ നല്ല ഒന്നാന്തരം പരിശീലനം സൗജന്യമായി കിട്ടും. ശരീരം പോക്കാകുമെന്ന പേടി വേണ്ട. യോഗ, ശ്വസനക്രിയ എന്നിവയിൽ ശാസ്ത്രീയ പരിശീലനവും ഒപ്പമുണ്ട്. ഇനി, ഇതു മോശം തൊഴിലാണെന്ന തോന്നലുണ്ടെങ്കിൽ അതു പരിഹരിക്കാൻ വ്യക്തിത്വ വികസന ക്ലാസിലും പങ്കെടുപ്പിക്കും. സംസ്ഥാനത്തെ തെങ്ങുകയറ്റക്കാരുടെ ക്ഷാമം പരിഹരിക്കാൻ നാളികേര വികസന ബോർഡ് ഈ വർഷം 5,000 പേർക്കാണു പരിശീലനം നൽകുന്നത്. ഇതിനൊപ്പമാണ് യോഗയും വ്യക്തിത്വ വികസന ക്ലാസും. ഈ മാസം തന്നെ പുതിയ തെങ്ങുകയറ്റക്കാർക്കുള്ള പരിശീലനം തുടങ്ങും.

സംസ്ഥാനത്താകെ 1,500 നാളികേര ഉൽപാദക സംഘങ്ങളുണ്ട്. ഓരോ സംഘത്തിനും രണ്ടു മുതൽ അഞ്ചുവരെ ആളുകളെ പരിശീലനത്തിനായി തിരഞ്ഞെടുക്കാം. പഞ്ചായത്തുകൾക്കും പദ്ധതിയിലേക്ക് തൊഴിലാളികളെ നിർദേശിക്കാം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ജില്ലാതലത്തിൽ ഒരാഴ്ചത്തെ പരിശീലനം സൗജന്യമായി നൽകും. 2,300 രൂപ വിലയുള്ള തെങ്ങുകയറ്റ യന്ത്രവും രണ്ടു ജോടി യൂണിഫോമും സൗജന്യമായി കിട്ടും. ഒരു ലക്ഷം രൂപയുടെ അപകട ഇൻഷുറൻസും ഇവർക്കുണ്ടാകും. 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' എന്ന പേരിൽ കഴിഞ്ഞ വർഷം 5,990 പേർക്ക് പരിശീലനം നൽകിയതിന്റെ തുടർച്ചയായാണ് ഇത്തവണത്തെ പരിപാടി.

www.coconutboard.gov.in എന്ന സൈറ്റ് പരിശോധിച്ചാൽ പഞ്ചായത്ത് തിരിച്ചുള്ള തെങ്ങുകയറ്റക്കാരുടെ പട്ടികയും ഫോൺ നമ്പരും ലഭിക്കും.